**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 184** **27-06-2022 - ൽ മറുപടിയ്ക്ക്**

**ചാലാംകോണം പി.എച്ച്.സി.**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ വി ജോയി | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | വർക്കല മണ്ഡലത്തിലെ മടവൂർ ചാലാംകോണം പി.എച്ച്.സി.യുടെ അടിസ്ഥാന സൗകര്യ വികസനത്തിന് നടപടി സ്വീകരിക്കുമോ? | (എ) | ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തി കുടുംബാരോഗ്യ കേന്ദ്രമായി ഉയർത്തിയ വർക്കല മണ്ഡലത്തിലെ മടവൂർ ചാലാംകോണം കുടുംബാരോഗ്യകേന്ദ്രത്തിൽ രണ്ട് മെഡിക്കൽ ഓഫീസർമാർ ഉൾപ്പെടെ 17 സ്ഥിരം ജീവനക്കാരും, ദേശീയ ആരോഗ്യ ദൗത്യം വഴി 3 ജീവനക്കാരും, പഞ്ചായത്ത് വഴി 3 ജീവനക്കാരും ജോലി നോക്കിവരുന്നുണ്ട്. പ്ലാൻ ഫണ്ട്, പഞ്ചായത്ത് ഫണ്ട് എന്നിവ ഉപയോഗിച്ച് അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്. നിലവിൽ പുതിയ ലബോറട്ടറി ബ്ലോക്കിന്റെ നിർമ്മാണം പുരോഗമിച്ച് വരുന്നു. കൂടാതെ 2022-23 സാമ്പത്തിക വർഷത്തിൽ NHM - PIP ഫണ്ടിൽ ഉൾപ്പെടുത്തി ഈ സ്ഥാപനത്തിൽ പുതിയ കെട്ടിടം നിർമ്മിക്കുന്നതിനായുള്ള 143 ലക്ഷം രൂപയുടെ പ്രൊപ്പോസൽ സ്റ്റേറ്റ് മിഷൻ ഡയറക്ടർ പരിശോധിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ